


# അക്ഷരജ്യോതി

സെന്റ്.തെരേസാസ് ഗേൾസ് ഹൈസ്കൂൾ, നെടുംകുന്നം

2019-'20


KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
little
KITEs
ലിറ്റിൽ കൈറ്റ്സ്
ഐ. ടി. ക്ലബ്ബ്
നമ്പർ : LK/2018/32048
സെന്റ് തെരേസാസ് ഗേൾസ് ഹൈസ്കൂൾ
നെടുംകുന്നം
Ph: 0481-2415152

*ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്  :-ജിജി റോസ് തോമസ്*

*ജെസ്സി തോമസ്*

*ലീഡേഴ്സ്  :-ആദിത്യ ബിനു*

*ആൻമരിയ സേവ്യർ*

*ചീഫ് എഡിറ്റർ  :-അതുല്യ എൽസാ സാജൻ*

*എഡിറ്റേഴ്സ്  :-ആർച്ചാ സോമൻ*

*ലെന ആൻ മാത്യൂ*

*ഡോണ മോൾ ബിനു*

*രഞ്ജിനി രാജ്*

*ശാല്യ മോൾ ഷാജി*

*ഫാരിസാ ഷാജഹാൻ*

*പ്രീജ രാജ്*

*അശ്വതി റെനികുമാർ*

*ക്രിസ്റ്റീന അന്ന കുഞ്ഞുമോൻ*

## താളുകൾ മറിക്കുമ്പോൾ


മുഖമൊഴി........................................................................6

സന്ദേശം........................................................................7

ആശംസ........................................................................8

നാടിനായ് ജ്വലിച്ച നക്ഷത്രം........................................................10

വാനിലുയർന്ന് ദേശീയ പതാക..................................................12

മൊബൈൽ ഫോൺ ആവശ്യമോ?...........................................13

ഒരു നല്ല സുഹൃത്താകാൻ..........................................................14

കിരൺ ബേഡി........................................................................15

മനുഷ്യനും പ്രകൃതിയും.............................................................16

ഓസോൺ പാളിയുടെ നാശനം..................................................17

മലയാളിയും  മലയാളഭാഷയും..................................................18

നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു.............................................19

സീരിയലുകൾ........................................................................21

മലയാളഭാഷ വഴിമാറുന്നു..........................................................22

രൂപാന്തരം..............................................................................24

ആകാശത്ത് പറന്ന ആദ്യ വനിത..................................................26

ശതാബ്ദി നിറവിൽ സെന്റ്.തെരേസാസ്........................................27

സ്കൂൾ പാർലമെന്റ് ഇലക്ഷൻ.........................................................29

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ..............................................30

# *മുഖമൊഴി*



*ലിറ്റിൽ കൈറ്റ്സ് മാസികയുടെ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട് . വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയുടെ പ്രതിഫലനമാണ് മാസികയുടെ സാരാംശം. ശക്തമായ ആശയങ്ങളും ചിന്തകളും വിദ്യാർത്ഥികൾ മുന്നോട്ട് വച്ചിട്ടുണ്ട്. എഡിറ്റോറിയൽ ബോർഡിന്റെ സംയുക്ത പരിശ്രമം മൂലമാണ് ഈ മാസിക നിങ്ങൾക്ക് മുമ്പിലെത്തുന്നത്.വളർന്നുവരുന്ന എല്ലാ എഴുത്തുകാർക്കും നന്ദി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു, അവരുടെ പ്രയത്നമാണ് ഈ മാസികയെ വായനക്കാരിലേക്ക് ആകർഷിക്കുന്നത്.*

*ഈ പതിപ്പ് പ്രസിദ്ധീകരിക്കുന്നതിനുള്ള ഉത്തരവാദിത്തം ഞങ്ങളെ ഏൽപ്പിച്ച ബഹുമാനപ്പെട്ട ജിജി ടീച്ചറിനും ജെസ്സി ടീച്ചറിനും ഞങ്ങൾ നന്ദി പറയുന്നു. എല്ലാ വായനക്കാർക്കും എന്റെ ആശംസകൾ നേരുന്നു, ഈ പതിപ്പ് നിങ്ങളുടെ നിരൂപക പ്രശംസ നേടുകയും കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.ഇവയെല്ലാം കുട്ടികളിൽ ഉയർന്ന വളർച്ചക്ക് കാരണമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.എല്ലാ വായനക്കാർക്കും ഉന്മേഷകരമായ ഒരു അനുഭവം നേരുന്നു.*

*ആശംസകളോടെ,*
*അതുല്യ എൽസാ സാജൻ*
*ചീഫ് എഡിറ്റർ*

# സന്ദേശം



ഇന്ന് ഹൈടെക് സംസ്കാരത്തിൽ അലിഞ്ഞുചേർന്ന മനസ്സുകളിൽ വിവരവിനിമയ സാങ്കേതിക ജ്ഞാനത്തിൽ മിഴിവാർന്ന വ്യക്തിത്വങ്ങളാൽ ലിറ്റിൽ കൈറ്റ്സ് ഒരു പ്രധാന പങ്കുവഹിക്കുന്നു എന്നത് നിസ്സംശയമായ കാര്യം തന്നെ. സാമൂഹികജീവിയായ ഓരോ കുട്ടിയും ചുറ്റുപാടിനെ എങ്ങനെ നിരീക്ഷിക്കുന്നു എന്നതുകൊണ്ട് മാത്രമായില്ല. ഈ ചുറ്റുപാട് എങ്ങനെ ഉണ്ടായി? അവ എങ്ങനെ സംതുലിതാവസ്ഥ നിലനിർത്തികൊണ്ടുപോകുന്നു എന്ന ഒരു അന്വേഷണം ശാസ്ത്രാവബോധം കുട്ടിയിൽ ജനിപ്പിക്കുമ്പോൾ കുട്ടികൾക്ക് ഇന്ന് സന്തതസഹചാരിയായ ഇന്റർനെറ്റ് , മോബൈൽ ആപ്പുകൾ,സോഫ്റ്റ്വയറുകൾ,ആനിമേഷനുകൾ,ഗെയിമുകൾ തുടങ്ങിയവ എങ്ങനെ പ്രവർത്തിക്കുന്നു എന്നതുംഎങ്ങനെ നിർമ്മിക്കപ്പെട്ടു എന്നതും പുതിയലോകത്തിന്റെ ശാസ്ത്രാന്വേഷണ പരിധിയിൽ വരേണ്ടവ എന്ന നിലയിൽ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയിൽ ഒരോ മനസ്സുകൾ  നാളത്തെ ലോകത്തിൽ ഇതിലോക്കെ ബോധവതികൾ ആകട്ടെ എന്നും ഇതിലൂടെ സംഘടനാ മനോഭാവവും സഹവർത്തിത പഠനത്തിന്റെ അനുഭവങ്ങളും കുട്ടികൾ ആർജ്ജിക്കട്ടെ എന്ന് ആശംസിക്കുന്നു.

സി.ദിവ്യാ മാത്യൂസ്
ഹെഡ്മിസ്ട്രസ്

# ആശംസ

നമ്മുടെ സ്കൂളിലെ 'ലിറ്റിൽ കൈറ്റ് 'ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ കുട്ടികൾ ഡിജി - മാഗസിൻ തയാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. പൊതു വിദ്യാഭ്യാസ മേഖലയിൽ ഇന്ന് ധാരാളം പഠന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നുവെന്നത് നമ്മുടെ കുട്ടികളുടെ ഭാഗ്യമാണ്. മാത്രമല്ല പഠിച്ചവ പ്രായോഗികമായി തെളിയിക്കുവാനും സ്കൂൾ സാഹചര്യങ്ങൾ ഇടമൊരുക്കുന്നുവെന്നത് മെച്ചപ്പെട്ട വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ സൂചനയാണ്. ആനിമേഷനുകൾ, ഹ്രസ്വചിത്രങ്ങളുടെ നിർമ്മാണം തുടങ്ങിയവ കാലോചിതമായ മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ്. അത്തരം ശേഷികൾ കുറ്റമറ്റരീതിയിൽ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക് സ്വന്തമാവുമ്പോൾ, മൊബൈൽ ആപ്പുകൾ, നെറ്റ് സങ്കേതങ്ങൾ തുടങ്ങിയവ സാങ്കേതികതികവോടെ കുട്ടികൾ സ്വായത്തമാക്കുമ്പോൾ, ഒരു പടികൂടി നമ്മുക്ക്, നമ്മുടെ കുഞ്ഞുങ്ങൾക്ക്, ഉയരത്തിലെത്താൻ സാധിക്കുന്നു. പേരു പോലെ കൂടുതൽ ഉയരത്തിൽ കുഞ്ഞുങ്ങൾ പറക്കട്ടെ! ഒരിക്കൽ കൂടെ നമ്മുടെ കുട്ടികൾക്ക് അഭിനന്ദനങ്ങൾ! ഈ സംരംഭത്തിന് നേതൃത്വം നൽകുന്നവർക്കും സൃഷ്ടികൾ നൽകിയവർക്കും അഭിനന്ദനങ്ങൾ!! ഉന്നത നിലവാരത്തിൽ ഇനിയും ഡിജിറ്റൽ ഉല്പന്നങ്ങൾ സംഭാവന ചെയ്യുന്നതിന് ഇടയാവട്ടെ.

അഭിനന്ദനങ്ങൾ!!

ചെറിയാൻ ജോബ് SITC

# ആശംസ

*വിവര വിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾ ഉപയോഗിക്കാൻ കഴിവുള്ള ഒരു പുതിയ തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ കുട്ടികളുടെ IT കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഹൈടെക് സംവിധാനത്തിൽ ഉപകരണങ്ങളുടെ സജ്ജീകരണത്തിലും വിഭവങ്ങളുടെ നിർമ്മാണത്തിലും ഓരോ ലിറ്റിൽ കൈറ്റ്സ് അംഗവും പങ്കാളിയാകുന്നു.വിവരവിനിമയ സാങ്കേതികവിദ്യ അനായാസം ഉപയോഗിക്കുവാൻ ഇത് കുട്ടികളെ പ്രാപ്തരാക്കുന്നു. കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനത്തിലൂടെ നേതൃത്വ പാടവും സഹകരണ മനോഭാവവും കുട്ടികൾക്കു ലഭിക്കുന്നു. പ്രായോഗിക ജ്ഞാനം കൂടുതൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഈ കൂട്ടായ്മ കുട്ടികളെ സഹായിക്കുന്നു. സോഫ്റ്റ്‌വെയറുകളും ഇന്റർനെറ്റും ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട കടമകളും ആർജിക്കേണ്ട മൂല്യബോധവും കുട്ടികളിൽ വളർത്തിയെടുക്കണം. വിദ്യാഭ്യാസ രംഗത്ത് വിവര വിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തുവാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.*

*ജിജി റോസ് തോമസ്*
*കൈറ്റ്സ് മിസ്ട്രസ്സ്*

# ആശംസ

പാഠ്യവിഷയങ്ങൾകൊപ്പം കലാകായിക സർഗശേഷികളെകൂടി പരിപോഷിപ്പിക്കുക എന്നത് കാലം ആവശ്യപ്പെടുന്ന അനിവാര്യതയാണ്. വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് വിദ്യാർത്ഥികളിലേക്ക് അറിവിന്റെ ജാലകം തുറക്കാനുള്ള എളിയ സംരംഭമാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്. അതിന്റെ പ്രവർത്തനങ്ങളിൽ ഏറെ മികവു പുലർത്തുന്നു . വിദ്യാലയങ്ങളിലെ സർഗ്ഗാത്മകസ്വന്ദനങ്ങളെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ തൊട്ടറിയുക എന്നതാണ് ഈ സംരംഭത്തിന്റെ ഉദ്ദേഷ്യലക്ഷ്യം .ഒരു മാലയിൽ കോർത്ത മുത്തുകൾ പോലെ വിദ്യാഭ്യാസവും സർഗ്ഗവാസനകളും ഒരുമിച്ച് കൊണ്ടുപോകാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ഓരോരുത്തർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു .

ജെസ്സി തോമസ്
കൈറ്റ് മിസ്ട്രസ്

# നാടിനായി ജ്വലിച്ച നക്ഷത്രം; ഡോ. എ.പി.ജെ. അബ്ദുൽ കലാം



ശാസ്ത്രസാങ്കേതികജ്ഞാനം നൽകിയ തീഷ്ണതയും രാഷ്ട്രീയഭാവനയാൽ പ്രേരിതമായ ഉൾക്കാഴ്ചയും സമന്വയിച്ച അസാധാരണ വ്യക്തിത്വമായിരുന്ന ഡോ. എ.പി.ജെ. അബ്ദുൽ കലാം. ജനകീയനായ വേറിട്ടൊരു നേതാവ് എന്ന ബഹുമതിക്കു കൂടി അർഹനായി ഇന്ത്യയുടെ 11–ാം രാഷ്ട്രപതി. ഇന്ത്യയുടെ മിസൈൽ പദ്ധതികളുടെ പിതാവ് എന്ന് അറിയപ്പെടുന്ന അദ്ദേഹം 1998 ൽ ഇന്ത്യയുടെ രണ്ടാമത്തെ ആണവ പരീക്ഷണമായ 'ഓപ്പറേഷൻ ശക്തി'ക്കു നേതൃത്വം നൽകി. പരമോന്നതബഹുമതിയായ ഭാരത രത്നം 1997 ൽ കലാമിനു സമ്മാനിച്ച് രാജ്യം അദ്ദേഹത്തെ ആദരിച്ചു.

രാഷ്ട്രപതിപദവിയിലായിരിക്കുമ്പോഴും ജനങ്ങൾക്കിടയിൽത്തന്നെയായിരുന്നു അദ്ദേഹം. യുവതലമുറ എപ്പോഴും അദ്ദേഹത്തിനായി കാതോർത്തു. എൺപത്തിനാലാം വയസ്സിലും രാത്രി ഒരുമണി വരെ വായനയ്ക്കും ആരാധകരുടെ ഇ മെയിൽ സന്ദേശങ്ങൾക്കു മറുപടി നൽകാനുമായി ചെലവഴിച്ചു. താൻ 1.6 കോടി ഇന്ത്യൻ യുവാക്കളെ നേരിട്ടു കണ്ടു സംസാരിച്ചതായും രാജ്യത്തിന്റെ ഭാവി അവരിൽ ഭദ്രമാണെന്നും ഒരിക്കൽ അദ്ദേഹം പറഞ്ഞു. ശാസ്ത്രജ്ഞനെന്ന നിലയിൽ വർഷങ്ങൾ കേരളത്തിൽ ചെലവഴിച്ച അദ്ദേഹം സംസ്ഥാനത്തിന്റെ പ്രശ്നങ്ങളും സാധ്യതകളും തൊട്ടറിഞ്ഞു. രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും ഈ വികസനമന്ത്രം അംഗീകരിക്കുകയും ചെയ്തു.

1997-ൽ രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന. പത്മഭൂഷൺ(1981), പത്മവിഭൂഷൺ( 1990), ദേശീയ ഉദ്ഗ്രഥനത്തിനുള്ള ഇന്ദിരാഗാന്ധിപുരസ്കാരം (1997), വീർ സവർക്കർ, രാമാനുജൻ പുരസ്കാരങ്ങൾ,

*കാലിഫോർണിയ സർവകലാശാലയുടെ ഇന്റർനാഷണൽ വോൺ കാർമൽ വിങ്സ് പുരസ്കാരം. വിദേശത്തുനിന്നുൾപ്പെടെ 40 സർവകലാശാലകളുടെ ഡോക്ടറേറ്റ് ബിരുദവും ലഭിച്ചു. ആത്മകഥയായ 'അഗ്നിച്ചിറകുകൾ' അടക്കം പത്ത് പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. 'അഗ്നിച്ചിറകുകൾ' 1999-ൽ രാജ്യത്ത് ഏറ്റവുംകൂടുതൽ വിറ്റഴിഞ്ഞ പുസ്തകങ്ങളിലൊന്നായിരുന്നു.*

*സോന മരിയാ സോമിച്ചൻ*

***9 സി***

# വാനിലുയർന്ന് ദേശിയ പതാക



രാജ്യാന്തരവേദികളിൽ ഒരു രാഷ്ട്രത്തെ പ്രതിനിധീകരിക്കുന്ന ഏറ്റവും പ്രധാന ചിഹ്നം ദേശീയ പതാകയാണ്.എല്ലാ രാഷ്ട്രങ്ങൾക്കും അവരുടേതായ ദേശീയ പതാകകളുണ്ട്.

രാജ്യാന്തരസമ്മേളനങ്ങളിലും കായികവേദികളിലും തൊട്ട് യുദ്ധരംഗങ്ങളിൽവരെ ഒരോ രാഷ്ട്രത്തിന്റെയും സാന്നിധ്യം വിളംബരം ചെയ്യുന്ന ഈ പതകാകൾ.ദേശീയ പതാകളുടെ രൂപകൽപനയും ഘടനയയും അതത് രാജ്യങ്ങളുടെ ചരിത്ര-സാംസ്കാരിക സവിശേഷതകളെ പ്രതിഫലിപ്പിക്കുന്നു.

എല്ലാ ദേശീയ പതാകയുടെ നിറത്തിനും ചിഹ്നത്തിനുമെല്ലാം അതിന്റേതായ വ്യാഖ്യനങ്ങളും സന്ദേശങ്ങളുമുണ്ട്. ഇന്ത്യൻ പതാകയുടെ നിറങ്ങളും നടുവിലെ അശോകചക്രവും അത്തരം ചില അർത്ഥങ്ങൾ സൂചിപ്പിക്കുന്നു . ദേശീയ പതാകയുടെ ഓരോ നിറവും വിവിധ ഗുണങ്ങളെ പ്രതിനിധാനം ചെയ്യുന്നു . കുങ്കുമ നിറം ധീരതയേയും ത്യാഗത്തേയും സൂചിപ്പിക്കുമ്പോൾ , വെള്ള സത്യത്തിനും വിശ്വാസത്തിനും പച്ച നിറം വിശ്വാസം ,സമൃദ്ധി തുടങ്ങിയ ഗുണങ്ങൾക്കും വേണ്ടി നിലകൊള്ളുന്നു . പുരോഗതിയെ സൂചിപ്പിക്കുന്ന ആശോകചക്രത്തിന് 24 ആരക്കാലുകൾ ഉണ്ട്.

രഞ്ജിനി രാജ്
9 ഡി



# മൊബൈൽ ഫോൺ വിദ്യലയത്തിൽ ആവശ്യമോ ?

അധുനിക യുഗത്തിൽ ഏററവും അധികം പ്രചാരമുള്ള മാധ്യമങ്ങളിൽ ഒന്നാണ് മൊബൈൽ ഫോൺ . ഈ കാലഘട്ടത്തിൽ ജനങ്ങളെ കൂട്ടുതൽ സ്വാധീനിക്കുന്നതും ഈ മാധ്യമം തന്നെയാണ്. ലോകത്ത് നടക്കുന്ന സംഭവങ്ങൾ നിമിഷങ്ങൾക്കകം നമ്മുടെ മുൻപിൽ എത്തിക്കുവാനും ഈ മാധ്യമത്തിനു കഴിയും . എന്നാൽ , ഇന്ന് വിദ്യാലയങ്ങളിൽ പോലും ഇവയുടെ ഉപയോഗം കണ്ടുവരുന്നു . പല വിദ്യാർത്ഥികൾക്കും ഇന്ന് മൊബൈൽ ഫോൺ കൈവശമുണ്ട്. ഈ യുഗത്തിൽ സമൂഹത്തിലെ ഏററവും താഴ്ന്ന നിലയിൽ കഴിയുന്ന ഒരാൾക്ക് മൊബൈൽ ഫോൺ എന്നത് അന്യമല്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. കോളേജ് ക്യാമ്പസുകളിൽ ഇതു നിരോധിക്കപ്പെട്ടിരിക്കുന്നു . എങ്കിലും ഈ മാധ്യമത്തെ ഉപയോഗിക്കുന്നവരുടെ എണ്ണം വർധിക്കുക മാത്രമേ ചെയ്യുന്നുള്ളു .

ശാസ്ത്രം പുരോഗതി പ്രപിച്ച് കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ മൊബൈൽ ഫോണും അതിന്റെ ഉപയോഗവും വളർന്നു വരുന്ന ഒരു കൊച്ചുകുട്ടിക്കുപോലും അറിയാം . ടെലിഫോൺ എന്ന ഉപകരണം വർഷങ്ങൾക്കു മുൻ പുവരെ ഒരാഢംബര വസ്തുവായിരുന്നു . ഇന്നാസ്ഥാനം മൊബൈൽ ഫോണിനാണ്. മൊബൈൽ ഫോണുകളുടെ പ്രാധാന്യത്തെയും അതിന്റെ ദുരുപയോഗത്തെയും കുറിച്ച് പല വാരികകളിലും എഴുതപ്പെട്ടിട്ടുണ്ട്. വിദ്യാലയങ്ങളിൽ ഒരനാവശ്യമാണ് മൊബൈൽ ഫോൺ . ഓഫീസുകളിൽ ഒഴിവാക്കനാവാത്ത ഒരു മാധ്യമവുമാണിത്. മനുഷ്യർ തമ്മിലുള്ള ബന്ധങ്ങൾ ദൃഢമാക്കുവാൻ ഇവയ്ക്കു കഴിയും . സുഹൃത്ത് ബന്ധങ്ങളും ശത്രുബന്ധങ്ങളും ഇവ സൃഷ്ടിക്കും .

ആർച്ച സോമൻ 9 ഡി

# ഒരു നല്ല സുഹൃത്താകാൻ



വ്യക്തിജീവിതത്തിൽ സുഹൃത്തുക്കളുടെ സ്വാധീനം വലുതാണ്. ഒരാളുടെയും ജീവിതം ഈ സ്വാധീനത്തിൽനിന്ന് മുക്തമല്ല. കുഞ്ഞുനാളിൽ കളിക്കൂട്ടുകാരിലൂടെ തുടങ്ങുന്ന ഈ സൗഹൃദം വ്യക്തി വളരുന്നതിനനുസരിച്ച് മാറ്റങ്ങൾക്ക് വിധേയമാകും. സമകാലീന വ്യക്തിജീവിതങ്ങൾ സുഹൃത്തുക്കളുടെ ഒരു 'മെഗാ' വലയത്തിനുള്ളിലാണ്, പ്രത്യേകിച്ച് യുവജനങ്ങൾ. സുഹൃത്തുക്കളുടെ വലിയൊരു നിരയും നൂതന സാങ്കേതിക വിദ്യകളും പരിവർത്തിത ആശയങ്ങളും സ്വതന്ത്ര ചിന്താഗതികളും വർധിച്ച ജീവിതസാഹചര്യങ്ങളും ഈ സുഹൃദ്‌വലയം രൂപപ്പെടുത്തുന്നതിലും വിപുലപ്പെടുത്തുന്നതിലും പങ്കുവഹിക്കുന്നുണ്ട്.

മാതാപിതാക്കളുടെയും മുതിർന്നവരുടെയും സ്വാധീനത്തെക്കാൾ ഇന്ന് യുവതലമുറയെ സ്വാധീനിക്കുന്നത് സുഹൃദ്ബന്ധങ്ങളാണ് എന്നത് യാഥാർത്ഥ്യമാണ്. ഇത്തരം സ്വാധീനശക്തികൾ ക്രിയാത്മകവും ഇച്ഛാശക്തിയുള്ളതും ആകണം. ഓരോ വ്യക്തിയും സ്വാർത്ഥതയുടെ തുരുത്തുകളായി മാറുന്ന കാലത്ത് വ്യതിരിക്ത സുഹൃത്തിന്റെ സ്വാധീനം എത്ര അഭികാമ്യമാണ്. ചുറ്റും നൂറുകണക്കിന് സുഹൃത്തുക്കൾ എന്തിനും റെഡിയായി ചുറ്റിലുമുണ്ടായിട്ടും എന്തേ നാം നാശത്തിലേക്ക് കൂപ്പുകുത്തി വീഴുന്നു? വളർച്ചയുടെ കാലഘട്ടങ്ങളിൽ കാതലായ മാറ്റങ്ങൾ സംഭവിക്കുന്ന സമയമാണ് ടീനേജും യുവത്വവും. കുട്ടിക്കാലത്തെ മറന്ന്, വരുംകാലത്തെ നോക്കിക്കാണുകയും എന്നാൽ വർത്തമാനകാലത്തിന്റെ അടിപൊളിയുമായി നടക്കുന്ന സമയം. നല്ല സുഹൃത്തുക്കളുടെ സ്വാധീനമാണ് ഈ കാലഘട്ടത്തിൽ വ്യക്തികളെ നയിക്കേണ്ടത്.

നീതു ഷാജി
10 ഡി

# കിരൺ ബേഡി




*വിരമിച്ച ഇന്ത്യൻ പോലീസ് സർവീസ് ഉദ്യോഗസ്ഥ, സാമൂഹ്യ പ്രവർത്തക, മുൻ ടെന്നീസ് കളിക്കാരി, രാഷ്ട്രീയക്കാരി എന്നീ നിലകളിൽ കിരൺ ബേഡി (ജനനം: ജൂൺ 9, 1949) പ്രശസ്തയാണ് .പുതുച്ചേരിയിലെ ഇപ്പോഴത്തെ ലെഫ്റ്റനന്റ് ഗവർണറാണ്. ഇന്ത്യൻ പോലീസ് സർവീസിൽ (ഐപിഎസ്) ചേരുന്ന ആദ്യ വനിതയാണ് അവർ. 2007 ൽ സ്വമേധയാ വിരമിക്കുന്നതിനുമുമ്പ് 35 വർഷം സേവനത്തിൽ തുടർന്നു.*

*കൗമാരപ്രായത്തിൽ ബേഡി 1966 ൽ ദേശീയ ജൂനിയർ ടെന്നീസ് ചാമ്പ്യനായി. 1965 നും 1978 നും ഇടയിൽ ദേശീയ, സംസ്ഥാനതല ചാമ്പ്യൻഷിപ്പുകളിൽ നിരവധി കിരീടങ്ങൾ നേടി. ഐപിഎസിൽ ചേർന്ന ശേഷം ബേഡി ദില്ലി, ഗോവ, ചണ്ഡിഗഡ്, മിസോറാം എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചു. ദില്ലിയിലെ ചാണക്യപുരി പ്രദേശത്ത് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് ആയി ജീവിതം ആരംഭിച്ച അവർ 1979-ൽ രാഷ്ട്രപതിയുടെ പോലീസ് മെഡൽ നേടി. അടുത്തതായി അവർ പശ്ചിമ ദില്ലിയിലേക്ക് മാറി, അവിടെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ കുറവ് വരുത്തി.*

*സോന ജെ.എസ്*
*9 ബി*

# മനുഷ്യനും പ്രകൃതിയും



*ഇന്നലെ കാണു ഈ പശ്ചിമാംദേശം*

*അഴകാൽ കുളിർത്ത് നീരാടിയ പൂഞ്ചോലകൾ*

*എവിടെയും എപ്പോഴും ശാന്തിപ്രധാനമാം*

*ഉഷസ്സിൻ തളിരുകൾ നിഴലിക്കുന്ന*

*അഗാധമാം പ്രേമാലസ്യമധുകണങ്ങൾ*

*ചൊരിയുവാൻ പുഷ്പലതാധികളും*

*മുരളും വണ്ടുകളും ചുറ്റിനടപ്പതു*

*സുന്ദരീ ഭൂമിയാം ഈ ദേശമതിൽ*

*എന്തിന്? മാനുഷ്യ ക്രൂരതാ വേണ്ടിനി*

*നിൻെറയീ അഹംഭാവത്തിലൂടലെടുത്ത*

*വികൃതികൾ, ഭൂമിയെ വികൃതത്തിലാഴ്ത്തുന്ന*

*കനിവാകും ഭൂമക്കളെ കാണ്കിലോ*

*നിഴലായി നിന്നിട്ടും ശാന്തിതൻ പ്രവാഹത്തെ*

*നിൻെറ പുതുജനനത്തിൽ തട്ടിയെടുത്തുവോ*

*കോപത്തിൽ താണ്ഡവമാടുമീ ഭൂമിയും*

*ശിക്ഷിതൻ പാത്രമാക്കുമോ മനുജനേ....?*

*അഞ്ജലി ജിത്ത്*

*10 സി*

# ഓസോൺ പാളിയുടെ നാശനം



ഓസോൺ പാളിയുടെ നാശം ഇന്ന് വലിയൊരു പ്രശ്നമായി മാറിയിരിക്കുകയാണ്. ഇന്ന് മനുഷ്യൻ നേരിടുന്ന ഒരു പ്രധാന വിപത്തും ഇതുതന്നെയാണ്. നൈട്രസ് ഓക്സൈഡ്(NO), നൈട്രിക് ഓക്സൈഡ്(N2O), ഹൈഡ്രോക്സിൽ(OH), അറ്റോമിക ക്ലോറിൻ(Cl), ബ്രോമിൻ(Br) എന്നിവ ഓസോൺ പാളിയുടെ നാശനത്തിനു കാരണമാൻ ഇടയാക്കുന്നു. മാത്രമല്ല,മനുഷ്യ നിർമ്മിതങ്ങളായ ക്ലോറോഫ്ളൂറോ കാർബൺ(CFC), ബ്രോമോഫ്ളൂറോ കാർബൺ എന്നിവയാണ് ഇന്ന് ഓസോണിന് ഏറ്റവും വലിയ ഭീഷണിയായിരിക്കുന്നത്.കൂടാതെ,അടുത്തായി ഹൈഡ്രോ ക്ലോറോഫ്ളൂറോ കാർബൺ ഇനത്തിൽ വരുന്ന വസ്തുക്കളും ഓസോൺ പാളിയുടെ നശീകരണത്തിനു കാരണമായി പഠനത്തിലൂടെ കണ്ടെത്തിയിരിക്കുന്നു.

ഓസോൺ ഒരു ഹരിതഗൃഹവാതകവുമാണ്. കൂടുതൽ ഓസോൺ അടങ്ങിയ വായു ശ്വസിക്കുന്നത് ശ്വാസകോശരോഗങ്ങൾക്ക് കാരണമാകാം. രക്തധമനികൾക്കും ഹൃദയത്തിനുപോലും പ്രശ്നങ്ങളുണ്ടാകാൻ ഇത് കാരണമാകുന്നുവെന്നും പറയുന്നു.റെഫ്രിജെറേറ്ററിലും എസിയും ഉപയോഗിക്കുന്ന ക്ലോറോഫ്ളൂറോ കാർബണാ(സിഎഫ്സി)ണ് ഓസോൺ പാളിയിലെ വിള്ളലിനു കാരണമെന്നു 1970 കളിൽ തന്നെ കണ്ടെത്തിയിരുന്നു. എന്നാൽ, ലോകരാജ്യങ്ങളുടെ നടപടിക്ക് 1987 വരെ കാത്തിരിക്കേണ്ടിവന്നു. 2000 മുതലാണു വിള്ളൽ ചെറുതാകാൻ തുടങ്ങിയതെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.ചുരുക്കി പറഞ്ഞാൽ ഓസോൺ പാളിയില്ലെങ്കിൽ ഭൂമി ഇല്ലാതാകുമെന്ന് പറയാം. പാളിക്ക് പൂർണ്ണ നാശം സംഭവിച്ചാൽ ഭൂമിയുടെ ഗതി മാറി മറിയും.

മറിയാമ്മ ഫ്രാൻസിസ്

9 എ

# മലയാളിയും മലയാളഭാഷയും



ഇന്ന് ആധുനിക കേരളം അനേകം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നു. അനുദിനം മലയാളിയും കേരള നാടും മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മലയാളിയുടെ ഭാഷയായ മലയാളം പോലും മലയാളിക്ക് അറിയാതാവുന്നു. ഭാഷയുടെ കാര്യം പറഞ്ഞാൽ, തമിഴിന്റെയും സംസ്കൃതത്തിന്റെയും സ്വാധീന വലയത്തിൽപ്പെട്ട നമ്മുടെ ഭാഷയെ സ്വതന്ത്രമായ ഒരു ഭാഷയാക്കാൻ യത്നിച്ച മഹാരഥന്മാർ മലയാളിയുടെ ഓർമ്മയിൽ പോലുമില്ല. മലയാള ഭാഷയ്ക്ക് അവർ നൽകിയ സംഭാവനകൾ എന്നെന്നും ഓർമ്മിക്കപ്പെടേണ്ടതാണ്. കവിതയെന്നാൽ മണിപ്രവാളമെന്നും അത് ഉന്നതജാതിയിൽപ്പെട്ടവർ വായിക്കേണ്ടതാണെന്നും വിശ്വസിച്ച മലയാള സമൂഹത്തിനു നേരേ സ്വന്തം കവിതയിലൂടെ മാറ്റത്തിന്റെ തിരികൊളുത്തിയ ആശാനും വള്ളത്തോളും ഉള്ളൂരും ഉൾപ്പെടുന്ന കവിക്കുലത്തെ ഏത് മലയാളിക്കാണ് മറക്കാനാവുക.

ഇംഗ്ലീഷ് ഭാഷയെ അതിരറ്റു പ്രണയിക്കുന്ന മലയാളികൾ ഇന്ന് എന്തിനും ഏതിനും 'മംഗ്ലീഷ് 'സംസാരിക്കുന്നവരായി മാറിയിരിക്കുന്നു. ഭാഷയുടെ അടിസ്ഥാനമായ വ്യാകരണം പോലും മലയാളിക്കറിയാതാവുന്നു. ഇതു നമ്മുടെ ഭാഷയാണ് നമ്മുടെ പെറ്റമ്മ. അതിനെ മറന്ന് നമുക്ക് എന്തു നേട്ടമാണ് കൈവരിക്കാനാവുക എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

മാളവിക .എം

9 സി

# നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു

നാം പാർക്കുന്ന ലോകവും നാം ജീവിക്കുന്ന ലോകവും തമ്മിൽ വലിയ അന്തരമുണ്ട്. ഒരേ നഗരത്തിൽ ഒരേ തെരുവിൽ പാർക്കുന്ന രണ്ടു വ്യക്തികൾ രണ്ടു വ്യത്യസ്ത ലോകങ്ങളിൽ ജീവിക്കുന്നതായി കാണാം .എവിടെ നാം പാർക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ, അതാണ് നമ്മുടെ ലോകം; പരിസരങ്ങളും പാരമ്പര്യങ്ങളുമാണ് ഈ ലോകത്തെ രൂപപ്പെടുത്തുന്നതെന്നാണ് ഇതുവരെ ശാസ്ത്രജ്ഞന്മാർ വാദിക്കുന്നത്. എന്നാൽ ആധുനികമനശാസ്ത്രം പുതിയ ഒരു വാദം പുറപ്പെടുവിച്ചിരിക്കുന്നു.പരിസരങ്ങളോ പാരമ്പര്യങ്ങളോ അല്ല, മനസ്സിന്റെ സ്ഥിതിയും പ്രവർത്തനഗതിയുമാണ് ഓരോ മനുഷ്യന്റെയും ലോകത്തെ സൃഷ്ടിക്കുന്നതെന്ന് അവർ വാദിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ,അവരവരുടെ ജീവിത താൽപര്യങ്ങളാണ് ഓരോരുത്തരുടെയും ലോകത്തെ വാർത്തെടുക്കുന്നത്. നമ്മുടെ ചിന്തകളും ലക്ഷ്യങ്ങളും വികാരങ്ങളും നാം ജീവിക്കുന്ന ലോകം സൃഷ്ടിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു.തന്റേതെന്നു പറയുവാൻ യാതൊന്നുമില്ലാത്ത ലോകതരംഗത്തിൽ പ്രവേശിക്കുന്ന ഒരു വ്യക്തിക്കുപോലും അവന്റെ മനോവ്യാപാരങ്ങൾ ശരിയായി നിയന്ത്രിക്കുന്നതായാൽ,സുഖമായി ജീവിക്കുന്നതിനുള്ള ലോകം സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് ശാസ്ത്രജ്ഞരുടെ അഭിപ്രായം. മനസ്സിനു വികാസവും വിശാലതയും കൂടുന്നതിനനുസരിച്ച്, താൻ ജീവിക്കുന്ന ലോകത്തെ വികസിപ്പിക്കുവാനും പ്രബദ്ധമാക്കുവാനും അയാൾക്കു കഴിയും.ലോകനേതാക്കന്മാരുടെയും ലോകാചാര്യന്മാരുടെയും പ്രവാചകന്മാരുടെയും ചരിത്രം പരിശോധിച്ചു നോക്കുക. അവരിൽ പലരും തങ്ങൾ ജനിച്ച ലോകത്തിൽനിന്നു ഭിന്നമായ ഒരു ലോകത്തിൽ ജീവിച്ചവരാണ്. തങ്ങളുടെ പരിസരങ്ങളെ അവഗണിച്ച് പാരമ്പര്യവും അന്ധവിശ്വാസവും ഉറപ്പിച്ച മതിൽകെട്ടുകളെ തട്ടിത്തകർത്തു പുതിയൊരു ലോകം കെട്ടിപ്പടുത്തുന്നവരാണവർ.




*ഒരാളുടെ ജീവിതത്തെ പ്രണപ്പെട്ടുത്തിയ സംഭവങ്ങൾ മറ്റൊരാളുടെ ജീവിതത്തിന് ഒരു പുതിയ ഉദ്ദേശ്യമുണ്ടാക്കിയെന്നു വരാം. ഈ ഗ്രന്ഥകാരന് പരിചിതമായിരുന്ന രണ്ടാളുടെ അനുഭവങ്ങൾ ഈ സന്ദർഭത്തിൽ ഓർമ്മവരുന്നു. എത്രയും പ്രയപ്പെട്ട ഭാര്യ മരിച്ചപ്പോൾ, എങ്ങനെയെങ്കിലും ദിവസം കഴിയണം എന്നു മാത്രമായി അയാളുടെ വിചാരം. അതേ തരത്തിലുള്ള ആപത്തുതന്നെ മറ്റൊരാളിൽ നേരെ വിപരീതമായ ഫലമാണുണ്ടാക്കിയത്. അത് ആത്മീയവിഷയങ്ങളിലേക്ക് അദ്ദേഹത്തിന്റെ മനസ്സിനെ തിരിച്ചു, ഒരു പുതിയ ലോകത്തേക്ക് അദ്ദേഹത്തെ നയിച്ചു.*

*ഇരുട്ടടഞ്ഞ ലോകത്തിൽ ഒരാൾക്ക് തന്റെ മനപ്രകാശത്തിന്റെ സഹായത്തോടുകൂടി മുന്നോട്ടു പോകുവാൻ സാധിക്കുന്നു. മനസ്സിൽ വെളിച്ചമില്ലാത്ത മറ്റൊരാളാവട്ടെ, പകൽവെളിച്ചത്തിൽ പോലും വഴി കാണാതെ നട്ടം തിരിയുന്നു. ശരിയായി ആലോചിച്ചു നോക്കുമ്പോൾ ജീവിതത്തിൽ നമുക്കു വല്ല നിരാശയ്ക്കും അവകാശമുണ്ടോ? ജീവിതത്തെ തനിക്കും മറ്റുള്ളവർക്കും ഉപയോഗപ്രദമായ ഒരു മനോഹരമായി മാറ്റുവാൻ കഴിയുമ്പോൾ, ഒരോരുത്തരും സ്വന്തം താൽപര്യങ്ങൾക്കും വികാരങ്ങൾക്കും അനുസരിച്ച് ഓരോലോകം സൃഷ്ടിക്കുന്നു. നമ്മുടെ സവിശേഷ ശ്രദ്ധ ആകർഷിക്കുന്ന ലോകം ഏതോ, അതായിരിക്കും നാം ജീവിക്കുന്ന ലോകവും.*

*അഞ്ജന അനിൽകുമാർ*
*9 സി*

# സീരിയലിൻെറ ഗുണദോഷങ്ങളെ കുറിച്ച് ഒരു എത്തിനോട്ടം



നമ്മുടെ ജീവിതത്തിൽ ഒഴിച്ച് കൂടാനാവാത്ത ഒരു രംഗം ആയി മാറിയിരിക്കുകയാണ് ഇന്ന് ടെലിവിഷനുകളിലെ സീരിയൽ. സീരിയൽ കാണുക എന്നത് ഒരു ദിനചര്യയായി മാറിയിരിക്കുകയാണ്. സീരിയൽ ഒരു ദിവസം കണ്ടില്ലെങ്കൽ ആ ദിവസം എന്തോ നഷ്ടപ്പെട്ടപോലെയാണ്. ഒരു കുടുംബത്തിലെ അംഗങ്ങൾ എല്ലാവരും ചേർന്ന് ഇരുന്നാണ് സീരിയൽ കണ്ടാസ്വദിക്കുന്നത്. ഏറ്റവും കൂടുതൽ സ്ത്രീകളാണ് സീരിയലുകൾക്ക് പ്രാധാന്യം നൽകുന്നത്. ഇതിൽ നിന്ന് എന്താണ് നേടാനുള്ളത് ? ഇത് ഒരു ചോദ്യമാണ്. ഒരു ദിവസം 24 മണിക്കൂർ :ഇതിൽ ഏതാണ്ട് ആകെ 3 മണിക്കൂറോളം [ചിലപ്പോൾ അതിൽ കൂടുതൽ സമയം ]സീരിയലുകൾ കാണുക പതിവാക്കി.ഇത് ഒരു വാസ്തവമാണ്. അതു കൂടാതെ സീരിയലുകളെക്കുറിച്ചുള്ള അങ്കലാപ്പ്. അത് എന്തായിത്തീരും എന്നുള്ള ആകാംക്ഷ. ഇങ്ങനെ നോക്കിയാൽ 3 മണിക്കൂർ ഇരുന്ന് കാണുന്ന സീരിയലിനേക്കാൾ കൂടുതൽ ടെൻഷൻ അടിക്കണം. ഒരു ദിവസം അതു കണ്ട് കഴിഞ്ഞാൽ പിറ്റേ ദിവസം ആ സമയം ആകുമ്പോൾ ടെലിവിഷൻ ഓൺ ആകും. ഇപ്പോഴുള്ള സീരിയലുകൾ എടുത്താൽ അവിടെ ഒരു ചേർച്ചയില്ലായ്മ കാണുന്നുണ്ട്. ഇത് നമ്മുടെ ജീവിതവുമായി സംബന്ധിച്ച മറ്റും നോക്കുമ്പോൾ ഒരു വാസ്തവതത്ത്വമായി മാറുകയാണ്. എന്നാൽ സീരിയലിൽ ദോഷങ്ങളെപ്പോലെ തന്നെ നല്ല വശങ്ങളും ഉണ്ട്. കഥാപാത്രങ്ങളെ അനുകരിച്ച് നമ്മുടെ കുടുംബങ്ങൾ അധോഗതിയിലേക്ക് പോകും.അതിൻെറ നന്മകളെ തിരിച്ചറിഞ്ഞ് ജീവിതത്തിൽ അനുകരിക്കാൻ നമ്മൾ ശ്രദ്ധിക്കണം എന്നാണ് ഇതിൽ നിന്ന് നാം മനസിലാക്കേണ്ടത്.

ആതിര മനോജ്
9 ഡി

## മലയാളഭാഷ വഴിമാറുന്നു




മാതൃഭാഷ ഇന്ന് മരണം മന്ത്രിക്കുകയാണ്. ചരിത്രത്തോളം പഴക്കമുള്ള നമ്മുടെ ഭാഷ ചരമമടയുകയാണ്. മേഘസന്ദേശവും, താളിയോലയും, എഴുത്തും, പത്രത്താളുകളും മറ്റും ഇന്റർനെറ്റ്, ഇ-മെയിൽ, മൊബൈൽ, എസ്.എം.എസ് എന്നിവയ്ക്ക് വഴിമാറുമ്പോൾ ഇംഗ്ലീഷ് ഭാഷയ്ക്കുമുന്നിൽ മലയാളഭാഷയും വൈകാതെ അടിയറവുപറയേണ്ടിവരും. മലയാളം നമ്മുടെ അഭിമാനം ആണ്, അത് നമ്മുടെ സംസ്കാരമാണ്. അനുഭവത്തിന്റെ, ആത്മാവിന്റെ ഭാഷയാണ് മാതൃഭാഷ. അതിനെ നിഷേധിക്കാൻ, ചവിട്ടി താഴ്ത്താൻ ആർക്കും അവകാശമില്ല. ഇന്ന് പലരും എനിക്ക് മലയാളം അറിയില്ല എന്നു പറയുന്നു. അതവർക്ക് ഗമ കൂട്ടുന്ന ഒന്നായോ.. എന്നാൽ അവർക്ക് തെറ്റുപറ്റിയിരിക്കുന്നു.

ലോകത്തിലുള്ള 2796 ഭാഷകളിൽ മലയാളിത്തിന് എഴുപത്തിയേഴാം സ്ഥാനമാണുള്ളത്. നമ്മുടെ നാട്ടിൽ മഹാൻമാർ ജനിച്ചിട്ടുണ്ടെന്നുതന്നെ അപൂർവ്വമായേ നമുക്കറിയാനിടവരുന്നുള്ളൂ. ഇന്നത്തെ വിദ്യാഭ്യാസം രചനാത്മകമായ യാതൊന്നും നമ്മെ പഠിപ്പിക്കുന്നില്ല എന്നു വേണമെങ്കിൽ പറയാം. സ്വന്തം കൈകാലുകൾ ഉപയോഗിക്കാൻ പോലും നമുക്കറിയില്ല. ഇംഗ്ലീഷുകാരുടെ പൂർവ്വികന്മാരെക്കുറിച്ചുള്ള വസ്തുതകളും കണക്കുകളുമെല്ലാം നാം അസ്സലായി പഠിക്കുന്നു. കേവലം 80 ലക്ഷം പേർ സംസാരിക്കുന്ന സ്വീഡിഷ് ഭാഷയ്ക്കും 100 ലക്ഷംപേർ സംസാരിക്കുന്ന ഗ്രീക്ക് ഭാഷയ്ക്കും ലോകത്തിലുള്ള വലിയ സ്ഥാനം ആലോചിക്കുമ്പോൾ നമ്മൾ ലജ്ജിച്ചു തലതാഴ്ത്തേണ്ടിയിരിക്കുന്നു. അവർക്ക് അവരുടെ മാതൃഭാഷയോടുള്ള സ്നേഹവും ആദരവും കണ്ടുപഠിക്കേണ്ടിയിരിക്കുന്നു. 300 ലക്ഷത്തിലധികം മലയാളികളുള്ള നമ്മുടെ കേരളം മാതൃഭാഷയോട് കാണിക്കുന്നത് ഒരു ജനതയും കാണിക്കാത്ത തരം അനാസ്ഥയാണ്. മലയാള ഭാഷയെക്കുറിച്ച് മഹാകവി വള്ളത്തോൾ എഴുതിയ കുറച്ച് വരികൾ കുറിക്കേണ്ടിയിരിക്കുന്നു..

*മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം- ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം, അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ സമ്മേളിച്ചിടുന്നതൊന്നാമതായ്. മറ്റുള്ള ഭാഷകൾ കേവലം ധാത്രികൾ മർത്യന പെറ്റമ്മ തൻഭാഷ താൻ.*

*അന .എസ്*
*9 ഡി*

# രൂപാന്തരം

*ഒരു വൃക്ഷത്തിൽ രണ്ടു ചിത്രശലഭപ്പുഴുക്കൾ ജീവിച്ചിരുന്നു. അവർ നല്ല സുഹൃത്തുക്കളായിരുന്നു. തളിരിലകൾ കാർന്നുതിന്നു അവർ ജീവിച്ചു. ഒരുവൻ സത്യാന്വേഷി . അപരൻ ലോകജ്ഞാനി.*

*ഒരിക്കൽ സത്യാന്വേഷി ലോകജ്ഞാനിയോട് : "സുഹൃത്തേ, നമ്മൾ ജനിച്ചത് മുതൽ ഈ മരത്തിൽ ഒരുമിച്ചു ജീവിക്കുന്നു. നമുക്കിതിന്റെ തുഞ്ചത്തേക്ക് പോയാലോ?"*

*ലോകജ്ഞാനി: "ശ്ശേ.. ഇത്തരം മണ്ടപ്പണിക്കൊന്നും എന്നെ കിട്ടില്ല.. നീ വരുന്നോ ഞാൻ താഴേക്കിറങ്ങി ലോകം കാണാൻ പോകുന്നു!."*

*സത്യാന്വേഷി : "ഇല്ല, നീ പോയി ലോകം കണ്ടിട്ട് വിശേഷം എന്നോട് പറയുക. ഞാൻ ഉയരത്തിൽ കാണുന്നത് നിന്നോട് പറയാം."*

*അങ്ങനെ സത്യാന്വേഷി ഉയരങ്ങളിലേക്കും ലോകജ്ഞാനി താഴേക്കും ഇഴഞ്ഞു നീങ്ങി.*

*സത്യാന്വേഷിക്ക് വിസ്മയം അടക്കാനായില്ല. മഞ്ഞപ്പൂക്കളാൽ നിറഞ്ഞ വൃക്ഷം കണ്ടു മതിമറന്ന അവൻ പറഞ്ഞു: "ഹായ്.. എത്ര മനോഹരം!*

*ഒരു പൂമ്പാറ്റ അതിൽ പറന്നെത്തി. "ഹായ്..നിങ്ങൾ ഈ പൂവിനേക്കാളും എത്രയോ സുന്ദരൻ.നിങ്ങൾ ആരാണ്?"*

*പൂമ്പാറ്റ: "സുഹൃത്തേ, നമ്മൾ രണ്ടും ഒരേ വർഗ്ഗമാണ്. കുറച്ചുകാലം മുമ്പ് ഞാനും ഒരു പുഴുവായിരുന്നു. ഞാൻ രൂപാന്തരം പ്രാപിച്ചാണ് ഈ വിധത്തിലായത്.ഇപ്പോൾ തേൻ കുടിച്ച് സുഖമായി ജീവിക്കുന്നു.*

*സത്യാന്വേഷി : "ഈ തേനെന്നു പറഞ്ഞാൽ എന്താണ്?"*

*പൂമ്പാറ്റ  സത്യാന്വേഷിയുടെ വായിലേക്ക് അല്പം തേൻ ഒഴിച്ചുകൊടുക്കുന്നു.*

*സത്യാന്വേഷി തുടർന്നു: "ഈശ്വരാ, ഈ കാലമെല്ലാം ചവർപ്പുള്ള ഇലതിന്ന് ഞാൻ ജീവിതം പാഴാക്കിയല്ലോ. തേൻ എത്രയോ രുചികരം".*

*സത്യാന്വേഷി പോകാൻ തുടങ്ങിയപ്പോൾ പൂമ്പാറ്റ പറഞ്ഞു: "നിങ്ങൾ ചിലദിവസം ആഹാരം വെടിയണം, അതിനുശേഷം ഈ മരത്തിൽ സുരക്ഷിതമായ ഒരിടത്ത് എത്തിയിട്ട്, നിങ്ങളുടെ അധരത്തിൽ നിന്ന് ഊറിവരുന്ന പശയുള്ള നാര് അവിടെ പതിപ്പിക്കണം. അതിൽ തലകീഴായി തൂങ്ങിക്കിടന്ന് അതേ നാരുകൊണ്ട് ഒരു കൂടുണ്ടാക്കി അതിൽ രണ്ടു മൂന്ന് ആഴ്ചകൾ അടങ്ങിപ്പാർക്കണം. ഈശ്വരൻ നിങ്ങളെ രൂപാന്തരപ്പെടുത്തും. "*

*സത്യാന്വേഷി : "വളരെ നന്ദി. സന്ധ്യയാകാറായി. ഞാൻ പോകട്ടെ."*

*സത്യാന്വേഷി താഴെ എത്തിയപ്പോൾ ലോകജ്ഞാനി കയറിവരുന്നുണ്ടായിരുന്നു.*

*സത്യാന്വേഷി : "ഹലോ! എന്തൊക്കെയുണ്ട്..?"*

*ലോകജ്ഞാനി: "സുഹൃത്തേ, എനിക്ക് തിരികെപ്പോരാൻ ഒട്ടും മനസ്സില്ലായിരുന്നു. എന്തെല്ലാം കാഴ്ചകളാണ് ലോകത്തിലുള്ളത്! വരൂ, ഇനിയെങ്കിലും നമുക്ക് ജീവിതം അടിച്ചുപൊളിക്കാം..!"*

*സത്യാന്വേഷി : "ഇല്ലില്ല! എനിക്കു പൂമ്പാറ്റയാകാനുള്ള രഹസ്യം പിടികിട്ടി."*
*താൻ കണ്ടതും ഗ്രഹിച്ചതുമെല്ലാം സത്യാന്വേഷി സുഹൃത്തുമായി പങ്കുവച്ചു. ലോകജ്ഞാനി പരിഹാസപൂർവം പൊട്ടിച്ചിരിച്ചുകൊണ്ട്: "എടോ മഠയാ, നമ്മുടെ അപ്പൂപ്പന്മാരുടെ കാലം മുതൽ നമ്മൾ വെറും പുഴുക്കളാണ്. പൂമ്പറ്റകൾ പ്രത്യേക സൃഷ്ടികളാണ്. നമുക്കൊരിക്കലും പൂമ്പറ്റകളാകാൻ സാദ്ധ്യമല്ല. ഏതെങ്കിലും പറവകൾ കൊത്തിക്കൊണ്ട് പോകുന്നത് വരെയുള്ള ആയുസ്സേ നമുക്കുള്ളൂ! അതുകൊണ്ട് ഉള്ളകാലം അടിച്ചുപൊളിക്കാം."*
*സത്യാന്വേഷി : "ഞാൻ കണ്ടതും, കേട്ടതും, അനുഭവിച്ചതും വിശ്വസിക്കുന്നു! നിനക്ക് വിശ്വാസമില്ലെങ്കിൽ വേണ്ട, പക്ഷെ, എനിക്ക് പൂമ്പാറ്റയാകണം."*
*"ഞാൻ നിന്നെപ്പോലെ മരമണ്ടനല്ല. ഞാൻ പോകുന്നു. ലോകജ്ഞാനി ഇഴഞ്ഞിറങ്ങി. അതുവഴി വന്ന ഒരു പക്ഷി ലോകജ്ഞാനിയെ കൊത്തി പറന്നുപോയി!!*
*കൂട്ടുകാരന്റെ വേർപ്പാട് ഒരു ദീർഘനിശ്വാസത്തോടെ നോക്കിനിന്ന സത്യാന്വേഷി*
*എന്തോ തീരുമാനിച്ചതുപോലെ മുൻപോട്ട് നീങ്ങി. താമസിയാതെ അതു തന്റെ വിശ്വാസം പ്രവർത്തിപഥത്തിലാക്കി. അല്പനാളുകൾക്കകം കൊക്കൂൺ പൊട്ടി സത്യാന്വേഷി മനോഹര രൂപിയായ ഒരു പൂമ്പാറ്റയായി പുറത്തുവന്നു. അടക്കാനാവാത്ത സന്തോഷത്തോടെ അതു ചിറകുവിരിച്ച് ആകാശത്തേക്ക് ഉയർന്നു.*

*അക്സാ മോൾ ജോമോൻ*
*9 എ*

# ആകാശത്തു പറന്ന ആദ്യ വനിത



ആദ്യമായി ശൂന്യാകാശത്തു എത്തിയ വനിത എന്ന ബഹുമതി വാലന്റ്റീന തെരഷ്കോവയ്ക്കാണ്. മുൻ സോവിയറ്റ് യൂണിയനിൽ ജനിച്ച വാലൻറ്റീന സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഒരു പരുത്തിമില്ലിൽ തൊഴിലാളിയായി. ശാസ്ത്രത്തോടുള്ള അഭിരുചി കാരണം 33-വയസ്സിൽ എയർ സ്പോർട്സ് ക്ലബിൽ ചേർന്ന് പാരച്യൂട്ട് പ്രയോഗത്തിൽ പരിശീലനം നേടി.

1961- യൂറി ഗഗാറിൻെറ ശൂന്യാകാശയാത്രയ്ക്കു ശേഷം ഒരു വനിതയെ ബഹിരാകാശത്തു എത്തിക്കാനായിരുന്നു റഷ്യയുടെ ശ്രമം. അതിനായി ലഭിച്ച 400 അപേക്ഷകളിൽ അഞ്ചു പേരെയാണ് ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തത്. കായികാധ്വാനശേഷി നന്നായുള്ള വാലൻറ്റീനയ്ക്കാണ് നറുക്ക് വീണത്.

കഠിനമായ പരിശീലനമായിരുന്നു. അവരെ കാത്തിരുന്നത്. 70 ഡിഗ്രി ചൂടിലും മൈനസ് 10 ഡിഗ്രി തണുപ്പിലും കഴിയേണ്ടിവന്നു.

1963 ജൂൺ 16-ന് വോസ് ടോക്ക്-6 എന്ന വാഹനത്തിൽ അവൾ ശൂന്യാകാശത്തേക്കു പറന്നു.

"ബഹിരാകാശമേ,എന്നിക്കു സ്വാഗതം നേരൂ,ഞാനിതാ വരുന്നു"...വാലൻറ്റീന പറഞ്ഞ വാക്കുകളായിരുന്നു അവ.

മൂന്നു ദിവസം അവർ ബഹിരാകാശത്ത് ചെലവഴിച്ചു. 48 തവണ ഭൂമിയെ വലംവച്ചു. മടങ്ങിയെത്തിയ വാലൻറ്റീനയ്ക്ക് വീരോചിതമായ സ്വീകരണമാണു ലഭിച്ചത്. ഹീറോ ഓഫ് ദ സോവിയറ്റ് യൂണിയൻ, ഓർഡർ ഓഫ് ലെനിൽ മുതലായ ബഹുമതികൾ അവർക്കു ലഭിച്ചു.

സമിയ മോൾ മുഹമ്മദ്
9 ഡി

# ശതാബ്ദി നിറവിൽ സെന്റ് തെരേസാസ്

ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിച്ച പൗരാണികതയും പ്രൗഢിയും കൈകോർത്തുപിടിക്കുന്ന മലയോരഗ്രാമമായ നെടുംകുന്നത്തിന് വിജ്ഞാനവെളിച്ചം പകർന്നുനൽകുവാൻ ഒരു ചരിത്ര നിയോഗം പോലെ സ്ഥാപിതമായ സെന്റ് തെരേസാസ് സ്കൂൾ ശതാബ്ദിയുടെ നിറവിൽ .

കർമ്മപഥത്തിൽ ധന്യതയുടെ നൂറുവർഷങ്ങൾ പിന്നിടുമ്പോൾ ആയിരങ്ങൾക്ക് വൈജ്ഞാനികമേഖലയിൽ വഴിവിളക്കായി മാറിയ വിദ്യാലയമുത്തശ്ശി പ്രമാണങ്ങൾ ഏറ്റുവാങ്ങി .

ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനകർമ്മം നിർവഹിച്ചു .പ്രൊവിൻഷ്യൽ സുപ്പീരിയർ ഹോളിക്യൂൻസ് ചങ്ങനാശ്ശേരി റവ.ഡോ .സി.പ്രസന്ന CMC സമ്മേളനത്തിന്റെ അദ്ധ്യക്ഷ പദം അലങ്കരിച്ചു . പത്തനംത്തിട്ട ലോകസഭാ അംഗം ശ്രീ.ആന്റോ ആന്റണി എം.പി മുഖ്യപ്രഭാഷണം നടത്തി . ശതാബ്ദി സ്മാരക ഭവനത്തിന്റെ താക്കോൽ ദാനം കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലം എം.എൽ.എ ഡോ എൻ ജയരാജും , സുവിനീർ പ്രകാശം ചങ്ങനാശ്ശരി ആതിരൂപത കോർപ്പറേറ്റ് മാനേജർ റവ.ഫാ.മനോജ് കറുകയിൽ നിർവഹിച്ചു.








KEY






St.Teresa's L P S

# സ്കൂൾ പാർലമെന്റ് ഇലക്ഷൻ

# 2019-2020










www.shutterstock.com · 758347438

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ 2019-'20














ST.TERESA'S GIRLS HIGH SCHOOL
NEDUMKUNNAM